വള്ളങ്ങളിൽ യന്ത്രം പിടിപ്പിക്കൽ, നവീന മത്സ്യ ബന്ധനയാനങ്ങൾ വിതരണം ചെയ്യുക, മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം, കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കൽ, കൃത്രിമ പാർ സ്ഥാപിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

പൊയ്യ സർക്കാർ ഫിഷ് ഫാം ട്രെയിനിംഗ് സെന്റർ

23 (2898) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാളനിയോജക മണ്ഡലത്തിലെ പൊയ്യ സർക്കാർ ഫിഷ്ഫാം ട്രെയിനിംഗ് സെന്റർ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1989 മുതൽ ശാസ്ത്രീയമായ രീതിയിൽ ചെമ്മീൻകൃഷി നടത്തുകയും ലാഭത്തിൽ പ്രവർത്തിക്കുകയും ചെയ്തിരുന്ന ഈ സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഫാമിലെ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചെമ്മീൻ വൈറസ് രോഗം ബാധിച്ചതുകൊണ്ട് പൊയ്യ ഫാമിൽ മൂന്നു സീസണുകളിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) പൊയ്യ ഫാമിൽ ചെമ്മീൻ കൃഷി നടത്തുന്നതിനുവേണ്ടിയാണ് ദിവസകൂലിയിനത്തിൽ തൊഴിലാളികളെ നിയോഗിച്ചുവരുന്നത്. ഈ കാലയളവിൽ ഇവർക്ക് പരമാവധി തൊഴിലവസരം ലഭ്യമാകുന്നുണ്ട്.

ജനകീയ മത്സ്യകൃഷിക്ക് കരാറടിസ്ഥാനത്തിലുള്ള നിയമനം

24 (2899) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ ജനകീയ മത്സ്യകൃഷി നടപ്പിലാക്കാൻ വേണ്ടി എത്ര പേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ബി) നിയമന വ്യവസ്ഥകളും സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണോ ഈ നിയമനങ്ങൾ നടത്തിയത് ; അല്ലെങ്കിൽ കാരണം അറിയിക്കുമോ ; ഈ നിയമനങ്ങൾ രണ്ടായിരത്തിനുമാണ്ടിലും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മലബാർ പ്രദേശത്തുനിന്നുള്ള ആരെയെങ്കിലും ഈ നിയമനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly